## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1835** **25.03.2013 ൽ മറുപടിക്ക്**

## മരത്തടികൾക്ക് വിലനിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ലതിക | ശ്രീ കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) മരത്തടികൾക്ക് വില നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ; | (എ) മൂന്ന് വ്യത്യസ്ത മാർഗ്ഗങ്ങളിൽ കൂടിയാണ് വനം വകുപ്പിൽ മരത്തടികൾക്ക് വില നിശ്ചയിക്കുന്നത്. |

1) സീനിയറേജ് നിരക്ക്

ഏതൊരു വന വിഭവവും സ്ഥലത്ത് നിൽക്കുന്ന നിലയിൽ വിൽക്കുമ്പോൾ നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് സർക്കാരിന് ലഭിക്കേണ്ടുന്ന ഏറ്റവും ചുരുങ്ങിയ വിലയാണ് സീനിയറേജ് നിരക്ക്. സീനിയറേജ് നിരക്കിൽ പണിക്കൂലി ഉൾപ്പെടുന്നില്ല.

2) ഷെഡ്യൂൾ നിരക്ക്

താരിഫ് വില (ഷെഡ്യൂൾ നിരക്ക്) :- വനം വകുപ്പ് ശേഖരിച്ച തടിയും മറ്റ് ഉൽപ്പന്നങ്ങളും ഡിപ്പോകളിലോ, മറ്റ് സ്ഥലങ്ങളിലോ വച്ച് വില്ക്കാനുള്ള ഏറ്റവും ചുരുങ്ങിയ ഏകീകൃത നിരക്ക് കാലാകാലങ്ങളിൽ സർക്കാർ പരിഷ്കരിച്ച് ഉത്തരവ് ആകുന്നതാണ്, താരിഫ് വില. സീനിയറേജ് നിരക്കിനോടൊപ്പം ശേഖരണ ചെലവ്, കടത്തുകൂലി, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയെല്ലാം പരിഗണിച്ച് കൊണ്ടാണ് താരിഫ് വില നിശ്ചയിക്കുന്നത്.

3) Fixation of Selling Price Act

1978 ലെ Kerala Forest Produce (Fixation of Selling Price) Act ൽ പറഞ്ഞിരിക്കുന്ന 18 ഇനം മരങ്ങൾക്ക് പ്രസ്തുത ആക്ട് പ്രകാരം വില നിശ്ചയിക്കുന്നു. ഇപ്രകാരം നിശ്ചയിക്കുന്ന തുകയ്ക്കാണ് തടികൾ വിൽക്കേണ്ടുന്നത്.

| | | | |
|---|---|---|---|
| (ബി) | ഓരോ തരം മരങ്ങൾക്കും നിശ്ചയിച്ചിരിക്കുന്ന വില അടങ്ങിയ പട്ടിക ലഭ്യമാക്കുമോ ; | (ബി) | ഓരോതരം മരങ്ങൾക്കും വില നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂൾ നിരക്ക്, ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ് ആക്ട് പ്രകാരമുള്ള നിരക്ക് എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഹാർഡ് വുഡ് ഇനത്തിൽപ്പെട്ട പ്ലാവ് മുതലായ മരങ്ങൾക്ക് വില നിശ്ചയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വില നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | പ്ലാവ് ഉൾപ്പെടെയുള്ള ഹാർഡ് വുഡ് മരങ്ങൾക്ക് ഷെഡ്യൂൾ നിരക്കിൽ വില നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**